STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.398/PR/SPMC/PHQ/2021 Date :04.09.2021

**<u>മികച്ച പോലീസ് സ്റ്റേഷനുകൾക്കുള്ള വാർഷിക ട്രോഫി മുഖ്യമന്ത്രി സമ്മാനിച്ചു</u>**

കഴിഞ്ഞ വർഷത്തെ മികച്ച പോലീസ് സ്റ്റേഷനുകളായി തെരഞ്ഞെടുക്കപ്പെട്ട തമ്പാനൂർ, ഇരിങ്ങാലക്കുട, കുന്നമംഗലം പോലീസ് സ്റ്റേഷനുകൾക്കുള്ള മുഖ്യമന്ത്രിയുടെ വാർഷിക ട്രോഫി മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു. തിരുവനന്തപുരത്ത് പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്ന ചടങ്ങിൽ അതത് പോലീസ് സ്റ്റേഷനുകളിലെ കഴിഞ്ഞ വർഷത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള സംഘമാണ് ട്രോഫിയും സർട്ടിഫിക്കറ്റും സ്വീകരിച്ചത്.

വിവിധ വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്ത് കേസുകളുടെ എണ്ണവും അന്വേഷണ പുരോഗതിയും, വിവിധ കുറ്റകൃത്യങ്ങളിൽ നൽകിയ കോടതി ശിക്ഷാവിധി, വനിതകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ സ്വീകരിച്ച നടപടി, ക്രമസമാധാനപ്രശ്നങ്ങൾ നേരിട്ടതിലും മയക്കുമരുന്ന് കേസുകൾ ഉൾപ്പെടെയുള്ളവയുടെ അന്വേഷണത്തിലും സ്വീകരിച്ച നടപടികൾ, വിവിധ ജനമൈത്രി സുരക്ഷാപദ്ധതികളുടെ പ്രവർത്തനം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ചാണ് മികച്ച പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്തത്. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചത്.

**<u>ഫോട്ടോ ക്യാപ്ഷൻ:</u>** 1. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച ഒന്നാമത്തെ പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ വാർഷിക ട്രോഫി അന്നത്തെ തമ്പാനൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും സംഘത്തിനും മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു.

2. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച രണ്ടാമത്തെ പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ വാർഷിക ട്രോഫി അന്നത്തെ ഇരിങ്ങാലക്കുട സ്റ്റേഷൻ ഹൗസ് ഓഫീസർക്കും സംഘത്തിനും മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു.

3. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച മൂന്നാമത്തെ പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ വാർഷിക ട്രോഫി അന്നത്തെ കുന്നമംഗലം സ്റ്റേഷൻ ഹൗസ് ഓഫീസർക്കും സംഘത്തിനും മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു.

***********